## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.296 — 3/4/2013 - ൽ മറുപടിയ്ക്ക്

## പച്ചതേങ്ങ സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. വി. മുഹമ്മദ്<br>,, വർക്കല കഹാർ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ. സി. ബാലകൃഷ്ണൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പച്ചതേങ്ങ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. കേരകർഷകരെ സഹായിക്കുന്നതിനായി കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള പദ്ധതി സർക്കാർ ഉത്തരവ് (എം.എസ്) നം. 279/2012/കൃഷി തീയതി 10/12/2012 പ്രകാരം അനുമതി നൽകുകയും 2013 ജനുവരി മാസം ഒന്നാം തീയതി പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. 21 കോടി രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയിൽ 9.8 കോടി രൂപ ഇതിനകം ലഭ്യമാക്കുകയും പദ്ധതി നടത്തിപ്പിനായി കേരഫെഡിനു നൽകി വിനിയോഗിക്കുകയും ചെയ്തു വരുന്നു.<br>തെരഞ്ഞെടുത്ത ജില്ലകളിൽ ഓരോ ബ്ലോക്കിൽ നിന്നും രണ്ട് മുതൽ മൂന്നു വരെ കൃഷി ഭവൻ ആദ്യ ഘട്ട സംഭരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ കൃഷിഭവനിലൂടെ നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കി മാറ്റുന്നു. കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കി വരുന്ന ഈ പദ്ധതി പ്രകാരം സംഭരിക്കുന്ന പച്ച നാളീകേരം ഇപ്പോൾ കൃഷി ഫാമുകളിലും കൊപ്രയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, കാസർഗോഡ് എന്നീ എട്ടു ജില്ലകളിലാണ് പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ; | (സി) | പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം തുടക്കത്തിൽ കിലോയ്ക്ക് 14 രൂപ നിരക്കിലാണ് സംഭരണം നടത്തിയിരുന്നത്. എന്നാൽ 2013 ജനുവരി മാസം പകുതിയോടെ സംസ്ഥാനസർക്കാർ സംഭരണ നിരക്ക് ഉയർത്തി കിലോയ്ക്ക് 16 രൂപയാക്കിയിട്ടുണ്ട്. |
| (ഡി) | പച്ചതേങ്ങ സംഭരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എട്ടു ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനും സംഭരിച്ച പച്ചത്തേങ്ങ കൊപ്രയാക്കുന്നതിനും മറ്റ് ഉപോല്പ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**